അപാകതകളെക്കുറിച്ച് അന്വേഷിക്കണമെന്നും അടിയന്തിരമായി പുനർനിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : പെരുമ്പാവൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് 2-7-1984-ൽ ആരംഭിച്ചു. 15-11-1991-ൽ പണി പൂർത്തിയാക്കി കെട്ടിടത്തിന്റെ മെയിൻ ബ്ലോക്ക് 1992-ൽ ഉദ്ഘാടനം ചെയ്തുവെങ്കിലും കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ഏകദേശം പകുതിഭാഗം കോൺക്രീറ്റ് അടർന്നുവീണ് ബീമുകൾ പൊട്ടി അപകടാവസ്ഥയിലാണ്. പഞ്ചായത്തിരാജ് ആക്ട് നിലവിൽ വന്നതിനുശേഷം 1995-ൽ ഈ കെട്ടിടത്തിന്റെ സംരക്ഷണ ചുമതല പെരുമ്പാവൂർ മുനിസിപ്പാലിറ്റി ഏറ്റെടുത്തു. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് കെട്ടിടത്തിന്റെ പുനർനിർമ്മാണം വളരെ അത്യാവശ്യമാണ്. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗശൂന്യമായ ഭാഗത്തിന്റെ പുനർ നിർമ്മാണത്തിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടത് പെരുമ്പാവൂർ നഗരസഭയാണ്.

മി. സ്പീക്കർ : 1991-ൽ കെട്ടിയ കെട്ടിടം ഇതിനിടയിൽ ഇടിഞ്ഞിരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തണം. ബന്ധപ്പെട്ടവർക്കുനേരെ ആക്ഷൻ എടുക്കേണ്ടേ ? അന്വേഷിക്കണം.

ശ്രീ. എം. കെ. മുനീർ : നഗരസഭയ്ക്ക് കൈമാറിയ സാഹചര്യത്തിൽ തുടർനടപടികൾ ചെയ്യേണ്ടത് അവരാണ്. അക്കാര്യം തീർച്ചയായും അന്വേഷിക്കുന്നതാണ്.

6. പമ്പാ നദീതട വികസന അതോറിറ്റി രൂപീകരണം

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ, പമ്പാനദിയെ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ ആക്ഷൻ പ്ലാനിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിരിക്കുകയാണ്. ഇതിന്റെ തുടർ നടപടികളായി സംസ്ഥാന ഗവൺമെന്റിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. 30 ശതമാനം ഫണ്ട് കണ്ടെത്തണം ; മോണിട്ടറിംഗ് സംവിധാനം ഉണ്ടാക്കണം. ഓരോ പദ്ധതിയുടേയും വിശദമായ രേഖകൾ തയ്യാറാക്കി എസ്.സി.ആർ.ഡി.ക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ ആദ്യഭാഗമാണ് അനുവദിച്ച് കിട്ടിയിരിക്കുന്നത്. ശബരിമല-പമ്പ മുതൽ തകഴി വരെയുള്ള പ്രദേശങ്ങളിലെ മാലിന്യ സംസ്ക്കരണം, ശബരിമല തീർത്ഥാടകർക്കുള്ള ഇടത്താവളങ്ങൾ, കുളിക്കടവുകൾ, മഴവെള്ള സംഭരണ സംവിധാനങ്ങൾ, പമ്പയുടെ കൈവഴികളായ വരട്ടാർ, കോലയാർ എന്നിവയുടെ പുനരുദ്ധാരണം ഇങ്ങനെ ഒട്ടേറെ പരിപാടികൾ ഉൾക്കൊള്ളിച്ചുള്ള വിശദമായ പദ്ധതിയാണ്. ഇതിന്റെ ആദ്യഭാഗമാണ് അംഗീകരിച്ചിരിക്കുന്നത്. ബാക്കിയുള്ളവയ്ക്ക് അനുവാദം കിട്ടാനുള്ള നടപടികൾ ഉണ്ടാകണം. ഈ ആക്ഷൻ പ്ലാനിന്റെ നടത്തിപ്പിന് പമ്പാനദീതട വികസന അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കണം. ശബരിമല ഉൾപ്പെടെ ലക്ഷക്കണക്കിന് തീർത്ഥാടകർ വരുന്ന ഒരു പ്രദേശമായതുകൊണ്ട് മാലിന്യം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിർണ്ണായകമായ വഴിത്തിരിവാകുന്ന ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കാനും അതിനുവേണ്ട അടിയന്തിര നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടിയുണ്ടാകണം. ഒരു വികസന അതോറിറ്റി അതിനുവേണ്ടി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): നമ്മുടെ സംസ്ഥാനത്തിന്റെ ഒരു വലിയ പദ്ധതി എന്നുള്ള നിലയിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേതൃത്വം ഏറ്റെടുത്ത് നടത്തുന്ന ഒരു പദ്ധതിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-12-2002-ൽ കേന്ദ്ര ഗവൺമെന്റിൽ 319.7 കോടി രൂപ അടങ്കൽതുക വരുന്ന എസ്റ്റിമേറ്റ് സമർപ്പിച്ചു. പമ്പ ആക്ഷൻ പ്ലാൻ ദേശീയ നദി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രശ്നമെന്തെന്ന് വച്ചാൽ 319 കോടി രൂപയുടെ 30 ശതമാനം സംസ്ഥാന ഗവൺമെന്റ് കണ്ടുപിടിക്കണമെന്നാണ് അവരുടെ ആവശ്യം. 30 ശതമാനമെന്ന് പറഞ്ഞാൽ 100 കോടി രൂപയിൽ ചില്വാനം വരും. അടങ്കൽ തുകയിൽ നിൽക്കില്ല. സ്വാഭാവികമായും കുറച്ചുകൂടി വർദ്ധിക്കുമെന്ന് അങ്ങേക്ക് അറിയാം. ഇത്രയും തുക കണ്ടുപിടിക്കുന്നതിന്, ശബരിമല ഉൾപ്പെടുന്നതായതുകൊണ്ട്, ദേവസ്വം ബോർഡും അവിടത്തെ പഞ്ചായത്തുകളും മുനിസാപ്പാലിറ്റികളും അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങളുംകൂടി ഇത് വഹിച്ചാൽ മാത്രമേ ഗവൺമെന്റിന് ഇത് നടപ്പിലാക്കാൻ കഴിയൂ. ഇത്രയും തുക സ്വരൂപിക്കാനുള്ള കഴിവ് നമുക്കില്ല. ഏതായാലും ഇതിന്റെ ആദ്യത്തെ ഘട്ടമായി 18.45 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. 2003 മുതൽ നാല് വർഷക്കാലത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് ദേവസ്വം ബോർഡ് സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ബാക്കിയുള്ള തുക സംസ്ഥാന ഗവൺമെന്റ് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഏതായാലും പ്രധാനമന്ത്രി അദ്ധ്യക്ഷനായ National River Conservation Authority-യുടെ യോഗത്തിൽ പമ്പ ആക്ഷൻ പ്ലാനിന് പൂർണ്ണമായ അംഗീകാരം നൽകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പമ്പ ആക്ഷൻ പ്ലാനിന്റെ ഭാഗികമായ ചില പ്രവൃത്തികൾക്കുമാത്രമാണ് ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ളത്. പദ്ധതി പൂർണ്ണമായും അംഗീകരിച്ച് നടപ്പിലാക്കിയെങ്കിൽ മാത്രമേ ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയുള്ളൂ. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പണം അനുവദിച്ചു കഴിഞ്ഞാൽ ഇത് എങ്ങനെ നടപ്പിലാക്കണമെന്നുള്ള കാര്യങ്ങളെപ്പറ്റി ചർച്ചചെയ്ത്, കഴിയുന്ന മാർഗ്ഗങ്ങളനുസരിച്ച് അത് നടപ്പിലാക്കും. ഇതിന് ആവശ്യമായ സമിതികളും മറ്റും രൂപീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly